**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 637** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഇൻഡസ്ട്രി ഇന്റേൺമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വാണിജ്യ വകുപ്പ് ഇൻഡസ്ട്രി ഇന്റേൺമാരെ നിയമിക്കാൻ തുടങ്ങിയത് എന്ന് മുതലാണ്; ഇവരെ നിയമിച്ചതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇവരുടെ പ്രതിമാസ വേതനം എത്ര രൂപയാണ്; എത്ര പേരെയാണ് ആകെ നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | 2022-2023 സാമ്പത്തിക വർഷമാണ് ഒരു വർഷ കാലയളവിൽ കരാർ അടിസ്ഥാനത്തിൽ ഇന്റേൺമാരെ നിയമിച്ചിരുന്നത്. 2023-2024, 2024-25 സാമ്പത്തിക വർഷം കരാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. (2023-2024 മുതൽ ഇന്റേൺമാർ എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകൾ എന്നറിയപ്പെടുന്നു).<br><br>2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ,പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും, അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും **ഇന്റേൺമാരെ** നിയമിച്ചിരുന്നു<br><br>സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇവരെ നിയമിച്ചിട്ടുള്ളത്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങി ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ എക്സിക്യൂട്ടീവുമാരുടെ സേവനം തേടാവുന്നതാണ്.<br><br>സംസ്ഥാനത്തെ 1034 തദ്ദേശ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ്പ് ഡെസ്ക്കുകൾ വഴി, സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും എന്റർപ്രെണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് മാരുടെ സേവനം സംരംഭകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. |

| | | | |
|---|---|---|---|
| | | | 2022-2023 സാമ്പത്തിക വർഷം 20,000/- രൂപ പ്രതിമാസ വേതനത്തിൽ ഒരു വർഷം കാലയളവിൽ കരാർ അടിസ്ഥാനത്തിലാണ് ഇന്റേൺമാരെ നിയമിച്ചിരുന്നത്. അതിനുശേഷം 2023-2024, 2024-2025 സാമ്പത്തിക വർഷം 22,000/- രൂപ പ്രതിമാസ വേതനത്തിൽ കരാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 1153 പേരെയാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) | ആലപ്പുഴ ജില്ലയിൽ എത്ര വ്യവസായ ഇന്റേൺമാരെയാണ് നിയമിച്ചിട്ടുള്ളത്; ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; | (ബി) | ആലപ്പുഴ ജില്ലയിൽ 86 വ്യവസായ ഇന്റേൺമാരെയാണ് നിയമിച്ചിട്ടുള്ളത്. ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ 5 പേരെ നിയമിച്ചിട്ടുണ്ട്. |
| (സി) | ഇവരുടെ പ്രവർത്തനം മൂലം ചെറുകിട വ്യവസായ മേഖലയിൽ ഉണ്ടായ മുന്നേറ്റം വിശദമാക്കാമോ; ആലപ്പുഴ ജില്ലയിൽ ഈ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവർ നടപ്പിലാക്കിയത് വിശദമാക്കാമോ? | (സി) | 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന ക്യാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായ 2022 ഏപ്രിൽ 1മുതൽ 2024 ഒക്ടോബർ 1 വരെയുള്ള കാലയളവിൽ, സംസ്ഥാനത്ത് ആകെ 300,244 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇത് വഴി 19446.93 കോടി രൂപയുടെ നിക്ഷേപവും 638,361 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ആകമാനം ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യതക്കനുസരിച്ച് സംരംഭകരെ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളു B-Tech/ M.B.A യോഗ്യതയുള്ള ഇന്റേൺസിനെ നിയമിച്ച് ഹെൽപ്പ് ഡസ്കുകളുടെ പ്രവർത്തനങ്ങളിലൂടെ പദ്ധതി വിജയകരമായി ഏകോപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പിന്റെ ഏകോപനത്തോടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പൊതുബോധവൽക്കരണ പരിപാടികളിൽ ഏകദേശം 11350 ഓളം പേർ പങ്കെടുത്തിട്ടുണ്ട്. സംരംഭകർക്ക് കൈത്താങ്ങ് സഹായം ഉറപ്പിക്കുന്നതി ലേയ്ക്കായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഹെൽപ്പ് ഡസ്കുകൾ ആരംഭിക്കുകയും സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള ഇന്റേണുകളുടെ സേവനം തിങ്കൾ,ബുധൻ ദിവസങ്ങളിൽ ഹെൽപ്പ് ഡസ്കിൽ ലഭ്യമാക്കുകയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | സംരംഭകരാകാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർക്ക് തുടർസഹായം ഉറപ്പാക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ലോൺ/ലൈസൻസ്/ സബ്സിഡി മേളകൾ ജില്ലയിൽ സംഘടിപ്പിച്ചു. ഇത്തരത്തിൽ ജില്ലയിൽ 78 പഞ്ചായത്തുകളിലും രണ്ട് ലോൺ/ലൈസൻസ്/ സബ്സിഡി മേളകൾ വീതം നടത്തിയതിൽ 5596 പേർ പങ്കെടുക്കുകയും ഇതിലൂടെ 787 പേർക്ക് 4260.64 ലക്ഷം രൂപയുടെ ലോണും 1266 പേർക്ക് ലൈസൻസുകളും അനുവദിച്ച് നൽകുവാനും സാധിച്ചു. ജില്ലയിൽ നിയമിതരായ 86 ഇന്റേൺസുകൾ, സംരംഭക സഹായ പദ്ധതിയിലൂടെ (Year Of Enterprises) ആരംഭിച്ച സംരംഭങ്ങൾ നിലനിന്നു പോകുന്നതിന് സംരംഭകർക്ക് കൈത്താങ്ങ് ഉറപ്പുവരുത്തുന്നതിനായി ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വകുപ്പുകൾക്കിടയിലും, ബാങ്കിംങ് സ്ഥാപനങ്ങൾക്കും അവബോധം ഉണ്ടാക്കുന്നതിനോടൊപ്പം, വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന സംരംഭകത്വ സഹായ പദ്ധതികൾ സംബന്ധിച്ച അവബോധം ജനങ്ങളിൽ എത്തിക്കുന്നതിനും, കൂടുതൽ സംരംഭകരെ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ സംരംഭക വർഷത്തിൽ ആരംഭിച്ച വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് പ്രാദേശിക വിപണി കണ്ടെത്തുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി ജില്ലാ ആസ്ഥാനത്തും താലൂക്കുകളിലും വ്യവസായ ഉൽപ്പന്ന പ്രദർശന മേളകൾ സംഘടിപ്പിച്ചു വരുന്നു. ആലപ്പുഴ ജില്ലയിൽ ഇയർ ഓഫ് എന്റർപ്രൈസസ് പദ്ധതി മുഖേന 2022-23 മുതൽ 2024-25 വരെ 23081 സംരംഭങ്ങൾ ആരംഭിക്കുവാനും, 1181.26 കോടി നിക്ഷേപം നടത്തുവാനും, അതുവഴി 45697 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ